പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*369

24.06.2019 -ലെ മറുപടിയ്ക്ക്

## പ്ലാന്റേഷൻ പോളിസി രൂപീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എസ്. രാജേന്ദ്രൻ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ. ഡി.കെ.മുരളി<br>ശ്രീ.ജോൺ ഫെർണാണ്ടസ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) ആഗോളവൽകൃത വ്യവസായ വാണിജ്യനയങ്ങളുടെ പരിണിതഫലമായി പ്ലാന്റേഷൻ മേഖലയൊന്നാകെ പ്രശ്നം നേരിടുന്ന സാഹചര്യത്തിൽ മേഖലയിലെ ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളുടെ താല്പര്യം പരിഗണിച്ച് പ്ലാന്റേഷൻ മേഖലക്ക് പിന്തുണ നൽകുന്നതിന് അനുയോജ്യമായ തരത്തിൽ പ്ലാന്റേഷൻ പോളിസി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉദ്ദേശിക്കുന്നു. |
| ബി) ഭൂരഹിതരായ തോട്ടം തൊഴിലാളികൾക്കെല്ലാം വീടും ഭൂമിയും നൽകുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | ബി) തൊഴിൽ വകുപ്പിന് കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള മുഖേന സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്കായി 'Own Your Own Housing' സ്കീം പ്രകാരം വീട് വച്ച് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ആദ്യ പ്രോജക്റ്റിന്റെ നിർമ്മാണം ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച്. വില്ലേജിലെ കുറ്റിയാർവാലിയിൽ പുരോഗമിച്ചു വരുന്നു. കൂടാതെ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത തോട്ടം തൊഴിലാളികൾക്കായി സർക്കാർ അല്ലെങ്കിൽ ഇതര ഏജൻസികൾ നൽകുന്ന ഭൂമിയിൽ 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റ് കോംപ്ലക്സുകൾ നിർമ്മിക്കുവാനും ഉദ്ദേശിക്കുന്നു. |

(സി) വിവിധ സ്ഥലങ്ങളിൽ പൂട്ടിക്കിടക്കുന്നതോ പ്രവർത്തനം മന്ദീഭവിച്ചതോ ആയ തോട്ടങ്ങളിലെ തൊഴിലാളികളുടെ സംരക്ഷണത്തിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

(സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്കായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം. മരണാനന്തര ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി വരുന്നു. പ്ലാന്റേഷൻ ക്രൈസിസ് റിലീഫ് മെഡിക്കൽ ടീം മുഖേന വിവിധ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചികിത്സാ ധനസഹായങ്ങൾ നൽകുകയും ചെയ്യുന്നു. സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് ഓണക്കിറ്റും എക്സ്ഗ്രേഷ്യ ധനസഹായവും നൽകി വരുന്നു.

Sreekala
**സെക്ഷൻ ഓഫീസർ**